**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ നെല്ല് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണത്തിൽ ഉൾപ്പെടെ കുട്ടനാട്ടിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷിവകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറലും അതിതാപ സാഹചര്യങ്ങളും മൂലം ഗുണനിലവാരം കുറഞ്ഞ (Non-FAQ) നെല്ല് ഉണ്ടായ സാഹചര്യത്തിൽ, പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി നെൽ കർഷകരെ സഹായിക്കുകയുണ്ടായി. അപ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളിൽ നിന്നുള്ള ഉപ്പുവെള്ളം കയറിയ നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആലപ്പുഴ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ഉൾപ്പെട്ട ജില്ലാതല കമ്മിറ്റി പാടശേഖരങ്ങളിലൊന്നായി ശേഖരിച്ച നെല്ലിന്റെ അളവും ഗുണനിലവാരവും വിലയിരുത്തി അർഹമായ നഷ്ടപരിഹാര തുക കണക്കാക്കുകയും കുട്ടനാട് മേഖലയിലെ അർഹരായ കർഷകർക്ക് നൽകേണ്ടതായ Rs.1,17,29,624/- (ഒരു കോടി പതിനേഴ് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി അറുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) സർക്കാർ പ്രത്യേക പദ്ധതിയായി അനുവദിക്കുകയും, പ്രസ്തുത തുക കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>കൂടാതെ, കുട്ടനാട് മേഖലയിലെ കൃഷി ദീർഘകാല അടിസ്ഥാനത്തിൽ സംരക്ഷിക്കുന്ന തിനായി RIDF XXXI പദ്ധതിയിൽ ഉൾപ്പെടുത്തി ഒൻപത് പാടശേഖരങ്ങളിലായി 93 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 2,362.96 ഹെക്ടറിൽ സുരക്ഷിതമായി കൃഷിയിറക്കാനും 2,281 കർഷകർക്ക് നേരിട്ട് ഗുണം ലഭിക്കാനും സാധിക്കുന്നതാണ്. |
| (ബി) | കൊയ്ത നെല്ല് എടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. കർഷകർക്ക് ന്യായമായ വിലയും |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായ പണം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനായി, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച MSP-യ്ക്കൊപ്പം സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസ് കൂടി ഉൾപ്പെടുത്തി നെല്ല് സംഭരണം നടപ്പാക്കി വരുന്നു. നിലവിൽ കിലോഗ്രാമിന് Rs.30/- എന്ന നിരക്കിലാണ് നെല്ല് സംഭരണം നടത്തുന്നത്. സംഭരണ നടപടി കളിൽ മുൻ സീസണുകളിൽ അനുഭവപ്പെട്ട പണം ലഭിക്കുന്നതിന്റെ കാലതാമസം, പരിഹരിക്കുന്ന തിനായി വിഷയം സർക്കാർ തലത്തിൽ പരിശോധിക്കുകയും Paddy Receipt Sheet (PRS) വായ്പ സംവിധാനവുമായി ബന്ധപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനും പുനസംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാല പരിഹാരത്തിന്റെ ഭാഗമായി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് കാലതാമസമില്ലാതെ വില നൽകുന്നതിനുള്ള പുതിയ സംഭരണ മാതൃകയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പുതിയ സംവിധാനത്തിന്റെ ഭാഗമായി കേരള ബാങ്ക് മുഖേന പ്രത്യേക ലിക്വിഡിറ്റി സഹായം, സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ, MSP-യും സംസ്ഥാന പ്രോത്സാഹന ബോണസും ഉൾപ്പെടെയുള്ള തുക സംഭരണ സമയത്ത് തന്നെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി എന്നിവ ഒരുക്കിയിട്ടുണ്ട്. പദ്ധതി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി , അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത നടപടികളിലൂടെ കർഷകർക്ക് നെല്ല് സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കാനും, ഇടക്കാല വായ്പാ സംവിധാനങ്ങളിലേയ്ക്കുള്ള ആശ്രയം കുറയ്ക്കാനും, സഹകരണ മേഖലയെ ശക്തിപ്പെടുത്തിയും കർഷക സൗഹൃദവും സ്ഥിരതയുള്ളതുമായ നെല്ല് സംഭരണ സംവിധാനം സംസ്ഥാനത്ത് ഉറപ്പാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | നെല്ല് കർഷകരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിച്ച് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ നെൽകൃഷിയിൽ ഉപയുക്തമാക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി ഡ്രോൺ ഉപയോഗിച്ചുള്ള വിത, സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ പത്ര പോഷണത്തിനായി ഹെക്ടറിന് 2000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഇത് നിലവിൽ 15000 ഹെക്ടറിൽ |

| | | | |
|---|---|---|---|
| | | | മാത്രമാണ് നിലവിൽ നൽകുന്നത്. ആയത് സാധ്യമായ മുഴുവൻ വിസ്തൃതിയിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br><br>കുട്ടനാട് മേഖലയിൽ കൊയ്ത്ത് നടത്തുന്നതിന് കൊണ്ടുവരുന്ന കൊയ്ത്തുമെതിയന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിന് കാർഷിക യന്ത്രവൽക്കരണമിഷന്റെ ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സംഭരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതികളും, നെല്ല് എടുക്കുന്നത് സംബന്ധിച്ച് മില്ലുടമകളുമായി ഉടലെടുക്കുന്ന തർക്കങ്ങളും, കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച തർക്കങ്ങളും പരിഹരിക്കുന്നതിന് കൃഷി വകുപ്പിന്റെയും, സിവിൽ സപ്ലൈസ് വകുപ്പിന്റെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു 'റാപ്പിഡ് റെസ്പോൺസ് ടീം' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>കുട്ടനാട് മേഖലയിലെ നെൽപ്പാട ങ്ങളിലെ അമ്ലത നിയന്ത്രിക്കുന്നതിന് പാടശേഖര സമിതികൾ മുഖേന സൗജന്യ നിരക്കിൽ കുമ്മായം വിതരണം ചെയ്തു വരുന്നു.<br><br>നെൽക്കൃഷിയുമായി ബന്ധപ്പെട്ട ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചു നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.<br><br>കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുവാൻ സാധിക്കുന്ന പുതിയ നെൽ വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ നെൽവയലുകളുടെ പ്രത്യേക സാഹചര്യത്തിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുവാനും ആയതു കർഷകർക്ക് ഉപയുക്തമാകുന്ന രീതിയിൽ വിപണിയിലെത്തിക്കുവാനുമുള്ള പ്രവർത്ത നങ്ങൾ കാർഷിക സർവ്വകലാശാല യുമായി ചേർന്ന് കൊണ്ട് നടപ്പിലാക്കു വാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ